# ഗവൺമെന്റ് ഹൈസ്കൂൾ എഴുകുംവയൽ

## പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം




# അക്കാദമിക മാസ്റ്റർപ്ലാൻ

# വിഷൻ - 2025

# ഗവൺമെന്റ് ഹൈസ്കൂൾ എഴുകുംവയൽ

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം

# അക്കാദമിക മാസ്റ്റർപ്ലാൻ

## വിഷൻ - 2025



## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവ. ഹൈസ്കൂൾ എഴുകുംവയൽ |
| വിലാസം | : | എഴുകുംവയൽ പി.ഒ., നെടുംങ്കണ്ടം<br>ഇടുക്കി - 685553 |
| ഫോൺ | : | 04868 - 231450 |
| സ്കൂൾ കോഡ് | : | 30015 |
| യു. ഡയസ് കോഡ് | : | 3290500404 |
| വിദ്യാഭ്യാസ ഉപജില്ല | : | നെടുംങ്കണ്ടം |
| വിദ്യാഭ്യാസ ജില്ല | : | കട്ടപ്പന |
| റവന്യു ജില്ല | : | ഇടുക്കി |
| ബി.ആർ.സി. | : | നെടുംങ്കണ്ടം |
| സി.ആർ.സി. | : | നെടുംങ്കണ്ടം |
| ഗ്രാമപഞ്ചായത്ത് | : | നെടുംങ്കണ്ടം (19-ാം വാർഡ്) |
| ബ്ലോക്ക് പഞ്ചായത്ത് | : | നെടുംങ്കണ്ടം |
| ജില്ലാ പഞ്ചായത്ത് | : | ഇടുക്കി |
| നിയമസഭാമണ്ഡലം | : | ഉടുമ്പൻചോല |
| താലൂക്ക് | : | ഉടുമ്പൻചോല |
| വില്ലേജ് | : | കൽകൂന്തൽ |
| ഇ-മെയിൽ | : | ghsezhukumvayal@gmail.com |
| വെബ്സൈറ്റ് | : | www.ghsezhukumvayal.blogspot.in |

## ആമുഖം - വിദ്യാലയ ചരിത്രം


കാടും, മലയും വന്യമൃഗങ്ങളും നിറഞ്ഞ മലമ്പ്രദേശമായിരുന്ന എഴുകുംവയലിന്റെ മണ്ണിന്റെ വളക്കൂറ് സ്വാതന്ത്ര്യത്തിന് മുമ്പ് തന്നെ അന്യജില്ലകളിലെ കർഷകർ മനസ്സിലാക്കുകയും ഇവിടേയ്ക്ക് കുടിയേറുകയും ചെയ്തു. ആനകളെയും മറ്റ് വന്യജീവികളെയും ഭയന്ന് ഏറുമാടങ്ങളിലാണ് ആദ്യകാല കുടിയേറ്റക്കാർ താമസിച്ചിരുന്നത്. കാറ്റും, മഴയും, മഞ്ഞും, തണുപ്പും അവഗണിച്ച് വന്യമൃഗങ്ങളെയും പകർച്ചവ്യാധികളെയും ധൈര്യത്തോടെ അവർ നേരിട്ട് തോൽപ്പിച്ചു. അങ്ങനെ ഒരു പുതിയ സമൂഹം അവർ പടുത്തുയർത്തി. കർഷകരായ ഇവിടുത്തെ ആളുകളുടെ മക്കളുടെ വിദ്യാഭ്യാസത്തെ അവർ ചിന്തിക്കുകയും അങ്ങനെ ഈ പ്രദേശത്തെ വിദ്യാദാഹികളായ ജനങ്ങളുടെ പരിശ്രമഫലമായി വലിയ തോവാളയിൽ ഒരു വിദ്യാലയം ആരംഭിച്ചു.

എഴുകുംവയലിലെ കുട്ടികൾ 10-15 കിലോമീറ്റർ ദൂരമുള്ള ഈ വിദ്യാലയത്തെ ആണ് വിദ്യാഭ്യാസത്തിനായി ആശ്രയിച്ചിരുന്നത്. വാഹന സൗകര്യം അന്യമായിരുന്ന ഈ ഹൈറേഞ്ചിന് അത് താങ്ങാനാകുമായിരുന്നില്ല. മഞ്ഞപ്പാറ, തൂവൽ, കൗന്തി, ഈട്ടിത്തോപ്പ് മേഖലയിലെ ആളുകളുടെ പ്രധാന താവളം എഴുകുംവയൽ ആയിരുന്നു. അങ്ങനെ എഴുകുംവയലിൽ ഒരു വിദ്യാലയം വേണം എന്ന ആശയം ജനമനസ്സുകളിൽ ശക്തമായി തോന്നിത്തുടങ്ങി. ഈ ആവശ്യം അവർ ജനപ്രതിനിധികളുടെയും മന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തുകയും 1974-ൽ അന്ന് വിദ്യാഭ്യാസ മന്ത്രിയായിരുന്ന ശ്രീ. ബേബിജോൺ എഴുകുംവയലിൽ ഒരു യുപി സ്കൂളിന് അനുമതി നൽകുകയും ചെയ്തു. അങ്ങനെ 'എഴുക്' എന്ന പുല്ല് കൊണ്ട് കാടുപിടിച്ച് കിടന്നിരുന്ന എഴുകുംവയലിൽ ജനങ്ങൾ മരവും, കല്ലും, മണ്ണും ചുമന്ന് സുമനസ്സുകളുടെ സഹായത്താൽ നൽകിയ ഭൂമിയിൽ അവരുടെ ചിരകാല സ്വപ്നം പടുത്തുയർത്തി. 1984-ൽ ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടു.

ആദ്യ പിടിഎ പ്രസിഡന്റായിരുന്ന കണിയാംപറമ്പിൽ കെ.ജെ. മാത്യുവും, മണിയൻകല്ലേൽ പാപ്പച്ചൻ ചേട്ടനും നേതൃത്വം കൊടുത്ത ദേശസ്നേഹികളായ ഒരു കൂട്ടം സാധാരണക്കാരാണ് ഇതിന് പിന്നിൽ പ്രവർത്തിച്ചത്. അവരെ ഓർക്കാതെ സ്കൂളിന്റെ ചരിത്രം നമുക്ക് പറയാനാകില്ല. അന്നു മുതൽ ഇന്നു വരെ സ്കൂളിന്റെ പിടിഎ ഭാരവാഹികൾ വിദ്യാലയത്തിന്റെ ഉയർച്ചയ്ക്ക് വേണ്ടി സ്തുത്യർഹമായ നിലയിലാണ് പ്രവർത്തിച്ച് വരുന്നത്.

യഥാർത്ഥത്തിൽ സ്കൂൾ ആരംഭിക്കുന്നത് പുത്തൻവീട്ടിൽ ശ്രീ. കുഞ്ഞുപിള്ള അവർകളുടെ ഭവനത്തിലെ അനുവദിച്ചുകിട്ടിയ മുറിയിലായിരുന്നു. ശ്രീ. കൂട്ടപ്പൻസാറും അദ്ദേഹത്തിന്റെ സഹധർമ്മിണി ശ്രീ.അമ്മുക്കുട്ടി ടീച്ചറുമായിരുന്നു അന്നത്തെ അധ്യാപകർ. പിന്നീടാണ് സ്കൂളിന് ഭൂമിയും കെട്ടിടവും അനുവദിച്ച് കിട്ടിയത്. പുല്ലുമേഞ്ഞ സ്കൂൾ കെട്ടിടങ്ങൾ മാത്രമേ ആരംഭത്തിൽ ഉണ്ടായിരുന്നുള്ളൂ. പിന്നീട് രക്ഷകർത്താക്കളുടെയും നാട്ടുകാരുടെയും ശ്രമഫലമായി സ്കൂളിന് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിച്ചുവന്നു. ഇന്ന് കോൺക്രീറ്റ് കെട്ടിടത്തിലേയ്ക്ക് നമ്മുടെ സ്കൂൾ മാറിയിരിക്കുന്നു. സ്കൂളിന് മൂന്ന് ഏക്കറോളം ഭൂമി ഉണ്ട്. എങ്കിലും ഭൂമിശാസ്ത്രപരമായ പ്രത്യേകതകളാൽ കീഴ്ക്കാം തൂക്കായി കിടക്കുന്ന പ്രദേശത്തിന് അങ്ങിങ്ങായി ചിതറിക്കിടക്കുന്ന കെട്ടിടങ്ങൾക്ക് ചുറ്റുമതിൽ സ്ഥാപിക്കുക എന്നത് വളരെ ശ്രമകരമാണ്. കളിസ്ഥലമില്ല. എന്ന പോരായ്മ ഒഴിച്ചാൽ അടിസ്ഥാന സൗകര്യ വികസനത്തിന്റെ കാര്യത്തിൽ ഞങ്ങളുടെ സ്കൂൾ മുൻപന്തിയിലാണ്.

വിവര വിനിമയ സാങ്കേതിക വിദ്യ വളർന്നതോടെ വിദ്യാഭ്യാസ രീതിയിലും കാഴ്ചപ്പാടിലും മറ്റമുണ്ടായിക്കൊണ്ടിരുന്നു. ഈ മാറ്റത്തിൽ ഞങ്ങളുടെ പങ്കാളികളായി സ്മാർട്ട് ക്ലാസ്റൂം എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ പോകുന്നു. വിജ്ഞാനം വിരൽത്തുമ്പിൽ എന്ന ലക്ഷ്യം സ്മാർട്ട് ക്ലാസ്സ് റൂമുകളുടെ വരവോടെ അടുത്തുതന്നെ നമുക്ക് കൈവരിക്കാൻ കഴിയും.



## ലക്ഷ്യങ്ങൾ

- മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന, ഗ്രാമാന്തരീക്ഷത്തിന് ഉതകുന്ന സൗജന്യ വിദ്യാഭ്യാസം എല്ലാവർക്കും ഉറപ്പാക്കുക.

- അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ഭാവി മുന്നിൽ കണ്ടുകൊണ്ട് ഭൗതിക - പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

- ക്ലാസ്സടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പുതിയ പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട വിഭിന്ന ശേഷികൾക്ക് പ്രാധാന്യം നൽകികൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും തയ്യാറാക്കൽ

## വിദ്യാലയം മികവിന്റെ കേന്ദ്രമാക്കുക

പ്രവർത്തനങ്ങളിൽ പാഠ്യപാഠ്യേതര താൽപ്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുന്നു. സ്നേഹം, സഹാനുഭൂതി, ശുചിത്വം തുടങ്ങിയ ജീവിത മൂല്യങ്ങളും മനോഭാവങ്ങളും കുട്ടികളിൽ രൂപപ്പെടുത്തിയെടുക്കുക പാർശ്വവൽകരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയാന്തരീക്ഷം ഒരുക്കുക.

-എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനോട് കിടപിടിക്കുന്നതോ അതിനേക്കാൾ കൂടുതൽ ശേഷികളും ധാരണകളും നമ്മുടെ കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കുക.

-പരിസ്ഥിതി ബോധവും, പ്രകൃതി സ്നേഹവും ഉൾക്കൊള്ളുന്ന ഒരു തലമുറയെ വളർത്തിയെടുക്കുക

-കലാ-കായിക രംഗത്ത് മികവുപുലർത്തുന്ന തരത്തിൽ കുട്ടികൾക്ക് മികച്ച പരിശീലനം ഉറപ്പാക്കുക.

-പോഷക സമൃദ്ധമായ ഉച്ചഭക്ഷണവും, ഊണുമുറിയും

-പദ്ധതി രൂപീകരണ പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ

## നിലവിലെ അവസ്ഥാ വിശകലനം

1. a) **ഭൗതികം - നേട്ടങ്ങൾ**

ജില്ലാ പഞ്ചായത്ത്, MLA ഫണ്ട് എന്നിവ ഉപയോഗിച്ച് നിർമ്മിച്ച ക്ലാസ്സ് മുറികളിൽ പുതിയ കെട്ടിടം നിർമ്മിച്ചു. സ്കൂൾ ആരംഭിച്ച കാലഘട്ടത്തിലെ കെട്ടിടങ്ങളിലായിരുന്ന ക്ലാസ്സ് മുറികളിൽ പകുതിയും അങ്ങോട്ടേയ്ക്ക് മാറ്റാൻ കഴിഞ്ഞു.

മൂന്ന് ക്ലാസ്സ് മുറികളിൽ ഹൈടെക് സംവിധാനം ക്രമീകരിക്കുന്നതിനുള്ള വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. പുതിയ പാചകപുരയും നിർമ്മിച്ചു. ലാബ്, ലൈബ്രറി തുടങ്ങിയവ അടച്ചുപൂട്ടുള്ള കോൺക്രീറ്റ് കെട്ടിടത്തിലേയ്ക്ക് മാറ്റി. സ്കൂൾ ലൈബ്രറിയിൽ കുട്ടികൾക്ക് വായിക്കാനും റഫറൻസിനുമായി ധാരാളം പുസ്കങ്ങൾ അടുക്കുംചിട്ടയോടുംകൂടി സൂക്ഷിക്കുന്നു.

b) **ഭൗതികം - പരിമിതികൾ**

ഓഫീസ്, സ്റ്റാഫ് റൂം തുടങ്ങിയവയ്ക്ക് മതിയായ സൗകര്യങ്ങളുള്ള കെട്ടിടങ്ങളില്ല. ശൗചാലയം ആധുനിക രീതിയിലുള്ളതല്ല. ചുറ്റുമതിൽ ഇല്ല, കവാടവുമില്ല, ഓപ്പൺ സ്റ്റേജും, ഓഡിറ്റോറിയവുമില്ല. വാഹന ഷെഡ് നിർമ്മിക്കേണ്ടതുണ്ട്. ഭോജനശാലകൾ ആവശ്യമാണ്. ആകർഷകമായ വിധത്തിൽ പൂന്തോട്ടവും, ഔഷധത്തോട്ടവും, ജൈവവൈവിധ്യപാർക്കും നിർമ്മിക്കണം. വിശാലമായ രീതിയിൽ കളിസ്ഥലവും പാർക്കിംഗ് സൗകര്യങ്ങളും ഒരുക്കേണ്ടതുണ്ട്.

2. a) **അക്കാദമികം - നേട്ടങ്ങൾ**

തുടർച്ചയായ 10 വർഷങ്ങളായി SSLC പരീക്ഷയിൽ 100% വിജയം നിലനിൽക്കുന്നു. മത്സര പരീക്ഷകളിൽ കുട്ടികൾ മികവു പുലർത്തുന്നു. വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ കുട്ടികൾക്കായി വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു. കൃഷി കുടുതലറിയുന്നതിനായി നെൽകൃഷിയും പച്ചക്കറി കൃഷിയും നടത്തുന്നു. സമ്പദ്യശീലം പുലർത്തുന്നതിനായി എഴുകുംവയൽ സർവ്വീസ് സഹകരണ ബാങ്കുമായി ചേർന്ന് എല്ലാ കുട്ടികളും സമ്പാദ്യപദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്.

b) മത്സര പരീക്ഷകളിലെ മികവ് ഇനിയും ഉയർത്തണം ലാബ് ആധുനികവത്ക്കരിക്കണം. ലൈബ്രറികൾ മികവുറ്റതാക്കണം. കലാകായിക പരിശീലനത്തിൽ അദ്ധ്യാപകരില്ല. കലാ - കായിക പരിശീലനത്തിൽ അദ്ധ്യാപകരില്ല. കലാ - കായിക രംഗത്ത് മികച്ച നിലവാരം കുട്ടികളിൽ ഉറപ്പാക്കുന്നതിനായി പരിശീലകരും പരിശീലനവും ഉണ്ടാകേണ്ടതുണ്ട്.

**നാട്ടുപഠനകേന്ദ്രങ്ങൾ**

ഗ്രാമപ്രദേശങ്ങളിലെ ലൈബ്രറികളും, വിദ്യാർത്ഥികളുടെ വീടുകളും കേന്ദ്രീകരിച്ച് അധ്യാപകരുടെയും ഉയർന്ന നിലവാരമുള്ള കുട്ടികളുടെയും നേതൃത്വത്തിൽ സഹ പഠന കേന്ദ്രങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

**വായനശാല - വിദ്യാലയത്തിലും വീട്ടിലും**

കുട്ടികൾ സ്കൂളിലെ ലൈബ്രറിയിൽ നിന്ന് പുസ്തകമെടുക്കുന്നത് അവർക്ക് വേണ്ടി മാത്രമല്ല, രക്ഷിതാക്കൾക്കു കൂടിയാണ്. ഒരു പുസ്തകം എല്ലാ കുട്ടികളുടെയും അമ്മമാർക്ക് കൂടി നൽകുന്നു. അങ്ങനെ 'അമ്മ വായന' സാർത്ഥകമാകുന്നു. അമ്മമാർ അവരുടെ പുസ്തകങ്ങളെക്കുറിച്ചുള്ള വായനക്കുറിപ്പുകൾ അവതരിപ്പിക്കുന്നു. കൂടാതെ അവരുടെ കലാ - കായികപരമായ കഴിവുകൾ അവതരിപ്പിക്കുന്നതിനുള്ള വേദിയും കൂടിയാകുന്നു. വിദ്യാലയം കുട്ടികൾ അവരുടെ ജന്മദിനത്തിൽ ഒരു പുസ്തകം ലൈബ്രറിയിലേയ്ക്ക് സംഭാവന ചെയ്യുന്നു. ജീവകാരുണ്യ പ്രവർത്തനങ്ങളിലും ഈ വിദ്യാലയം മുൻപന്തിയിലാണ്.

## മണ്ണിനെയും കൃഷിയേയും പ്രകൃതിയേയും തിരിച്ചറിയുക

കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പിന്റെ സഹായത്തോടെ നെല്ല്, പച്ചക്കറികൾ തുടങ്ങിയവയുടെ കൃഷി കുട്ടികളുടെ നേതൃത്വത്തിൽ നടന്നു വരുന്നു. പ്രകൃതിയെ തിരിച്ചറിയുന്നതിനും വിവിധ ജീവജാലങ്ങളെ പരിപാലിക്കുന്നതിനും, നിരീക്ഷിക്കുന്നതിനും സ്നേഹിക്കുന്നതിനും ഉതകുന്ന ജൈവ വൈവിധ്യ ഉദ്യാനവും ഒരുങ്ങി കഴിഞ്ഞു.

## സ്കൂളിൽ കുട്ടികൾ വർദ്ധിക്കാനുള്ള പദ്ധതികൾ

ഗ്രാമത്തിലെ എല്ലാ പ്രദേശങ്ങളിലും PTA യോഗങ്ങൾ സംഘടിപ്പിച്ച് സ്കൂളിന്റെ മികച്ച നേട്ടങ്ങൾ വിശദീകരിക്കും. ഇനിയും ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ചർച്ച ചെയ്ത്, എന്തുകൊണ്ട് പൊതുവിദ്യാലയങ്ങൾ പഠനത്തിനായി തെരഞ്ഞെടുക്കണം എന്ന രക്ഷിതാവിന്റെ സംശയത്തിന് ഉറച്ച ഉത്തരം നൽകേണ്ടതുണ്ട്. മാതൃഭാഷയ്ക്കും ഒപ്പം, ലോക ഭാഷയായ ഇംഗ്ലീഷ്, രാഷ്ട്രഭാഷയായ ഹിന്ദി എന്നിവയ്ക്കും കൂടുതൽ പ്രാധാന്യം നൽകേണ്ടതുണ്ട്. ഇതിനായി ഏറ്റെടുക്കേണ്ട പദ്ധതികൾ തുടർന്ന് വ്യക്തമാക്കുന്നുണ്ട്.

കഴിഞ്ഞ 10 വർഷം തുടർച്ചയായി 100% വിജയമാണ് ഈ സ്കൂളിലെ കുട്ടികൾ നേടുന്നത്. എല്ലാ വിഷയത്തിനും A+ നേടുന്ന കുട്ടികളുടെ എണ്ണത്തിലും കുറവില്ല. ഈ വർഷം മുതൽ No D+ എന്ന പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കുകയാണ്. അതിനായി ഭിന്ന നിലവാരത്തിലുള്ള കുട്ടികൾക്ക് വിവിധതരം പരിശീലനങ്ങൾ കുട്ടികൾക്ക് മാനസിക പിരിമുറുക്കമില്ലാതെ നടപ്പിലാക്കി വരുന്നു. പ്രയോജനമില്ലാത്ത ബ്രോയിലർ കുട്ടികളെ വളർത്തിക്കൊണ്ടുവരികയല്ല മറിച്ച് പൊതു വിദ്യാലയങ്ങൾ സംരക്ഷിക്കപ്പെടുകയും ജനാധിപത്യ ബോധവും സംസ്കാരവും, സ്നേഹവും സഹാനുഭൂതിയും ഒക്കെ ഒത്തുചേർന്ന, ജീവനുള്ള ഒരു പുതിയ തലമുറയെ വാർത്തെടുക്കുകയാണ് ഈ കാലഘട്ടത്തിനാധാരം. നവകേരള മിഷന്റെ ഭാഗമായ പൊതു വിദ്യാലയ സംരക്ഷണ യജ്ഞം വിജയിപ്പിക്കേണ്ടതുണ്ട്.

യുപി തലം മുതൽ ഹൈസ്കൂൾ വരെ 100-ൽ പരം കുട്ടികളാണിവിടെ പഠിക്കുന്നത്. ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും വാഹന സൗകര്യമില്ലായ്മയും ഇവിടെ കുട്ടികൾ കുറയാൻ കാരണമായിട്ടുണ്ട്. ഗ്രാമീണ മേഖലകളായ ഈട്ടിത്തോപ്പ്, മഞ്ഞപ്പാറ, തൂവൽ, പച്ചടി, കൗന്തി ഭാഗങ്ങളിൽ നിന്ന് കാൽനടയായാണ് കുട്ടികൾ ഇവിടെ എത്തിച്ചേരുന്നത്. കിലോമീറ്ററുകൾ രാവിലെയും വൈകുന്നേരവും താണ്ടുന്നത് കുട്ടികൾക്ക് ബുദ്ധിമുട്ടുളവാക്കുന്നുണ്ട്. സന്തോഷകരമായ വസ്തുത 2017 നവംബർ മാസം ഇവിടുത്തെ എംഎൽഎയും, വൈദ്യുതി മന്ത്രിയുമായ ശ്രീ. എം.എം. മണി അവർകൾ ഈ സ്കൂളിന് സ്കൂൾ ബസ് അനുവദിച്ചിരിക്കുന്നു. ഇനി ഈ പ്രദേശത്തെ കുട്ടികൾക്ക് കൂടുതൽ നടന്ന് ബുദ്ധിമുട്ടേണ്ടി വരില്ല.

## പ്രതീക്ഷിത നേട്ടങ്ങൾ

ഗവ: ഹൈസ്കൂൾ എഴുകുംവയൽ -വിഷൻ-2030

കാഴ്ചപ്പാട്

സ്കൂൾ കെട്ടിടം

- ❖ മൂന്ന് നിലകളും -മുകളിൽ ഓഡിറ്റോറിയവും അടങ്ങിയ വിശാലമായ കെട്ടിടമാണ് നാം വിഭാവനം ചെയ്യുന്നത്.
- ❖ വിശാലമായ മുറ്റം-പാർക്കിംഗ് സൗകര്യം
- ❖ വിശാലമായ കളിസ്ഥലം-വിവിധ തരം കോർട്ടുകൾ
- ❖ അത്‌ലറ്റിക് പരിശീലനത്തിനായി ആധുനിക സംവിധാനങ്ങൾ
- ❖ സ്വന്തമായി വാഹനങ്ങൾ
- ❖ ആധുനിക സംവിധാനത്തോടു കൂടിയഓഫീസ് റൂം/HM ROOM
- ❖ മികച്ച ടോയ്‌ലെറ്റ് സൗകര്യം
- ❖ ജൈവവൈവിധ്യ ഉദ്യാനം

- പച്ചക്കറി -ഔഷധ തോട്ടങ്ങൾ
- ശുദ്ധമായ കുടിവെള്ളം
- നീന്തൽകുളം
- മിനി കോൺഫറൻസ് ഹാൾ
- ഓപ്പൺ ഓഡിറ്റോറിയം
- അസംബ്ലി ഹാൾ
- ആധുനിക രീതിയിലുള്ള ലാബുകൾ- ലൈബ്രറികൾ
- ഡിജിറ്റൽ ലൈബ്രറി
- വിശാലമായ ഊൺ മുറി
- കമ്പ്യൂട്ടർ സംവിധാനങ്ങളും മിനി ലൈബ്രറിയുമുള്ള സ്റ്റാഫ് റൂം
- കലാ പ്രവൃത്തി പരിചയ പരിശീലനത്തിനാവശ്യമായ സംവിധാനങ്ങൾ
- പി റ്റി എ ശക്തമാക്കൽ, ബോധവത്ക്കരണം
- നെൽകൃഷി പ്രോത്സാഹനം
- ചുറ്റുമതിൽ,ഗേറ്റ് -കമാനം

## ക്ലാസ് മുറികൾ

- ഹൈടെക് ക്ലാസ് മുറികൾ
- ഉന്നത നിലവാരത്തിലുള്ള ഫർണിച്ചറുകൾ
- ക്ലാസ് മുറികളോടനുബന്ധിച്ച് ടോയ്ലെറ്റുകൾ
- ക്ലാസ് റൂം ലൈബ്രറികൾ
- വായനാ മൂല
- കുട്ടികളുടെ ഉത്പ്പന്നങ്ങൾ സൂക്ഷിക്കാനാവശ്യമായ സംവിധാനം
- കാറ്റിനും വെളിച്ചത്തിനുമുള്ള സംവിധാനം

## ജൈവവൈവിധ്യ ഉദ്യാനം

നമ്മുടെ സ്കൂളിൽ പ്രവർത്തിക്കുന്ന ബയോഡൈവേഴ്സിറ്റി, നേച്ചർ ക്ലബ്ബുകളുടെ നേതൃത്വത്തിൽ സ്കൂളിന്റെ യു. പി സ്കൂൾ കെട്ടിടത്തിനു പടിഞ്ഞാറു വശത്തായി ചരിഞ്ഞ ഭൂപ്രകൃതിയോടു കൂടിയ ഏകദേശം 12 സെന്റ് സ്ഥലം 3 തട്ടുകളായി തിരിച്ച് അവയിൽ യഥാക്രമം പൂച്ചെടികൾ,ഔഷധ സസ്യങ്ങൾ, പച്ചക്കറികൾ, മറ്റു ഫലവൃക്ഷങ്ങൾ എന്നിവ നട്ടു പരിപാലിക്കുന്നതാനായുള്ള പണികൾ നടന്നു വരുന്നു. SSA യുടെ സഹായമായി ലഭിച്ച തുക കൂടാതെ PTA യുടെ വിഹിതവും പൊതുപണിയും കുട്ടികളുടെ സഹകരണവും ഈ ഉദ്യമം വിജയകരമാക്കാൻ സഹായിക്കും എന്ന് വിശ്വസിക്കുന്നു.

ഇത്തരത്തിൽ സ്കൂളിൽ ജൈവ വൈവിധ്യ ഉദ്യാനങ്ങൾ നിർമ്മിക്കുന്നത് വഴി നമ്മുടെ സ്കൂൾ ചില താഴെ പറയുന്ന നേട്ടങ്ങൾ ലക്ഷ്യം വയ്ക്കുന്നു.

1. കുട്ടികളിൽ പാരിസ്ഥിതികാവബോധം വളർത്തുക
2. ഭൂമിയിലെ ജൈവ വൈവിധ്യത്തിന്റെ പ്രാധാന്യത്തെപ്പറ്റി മനസ്സിലാക്കുക.
3. വംശനാശം വന്നു കൊണ്ടിരിക്കുന്ന അപൂർവ്വ ഔഷധസസ്യങ്ങളെ സംരക്ഷിക്കുക.
4. വിഷരഹിത പച്ചക്കറി ഉത്പാദിപ്പിച്ച് കൊണ്ട് കുട്ടികളെ കാർഷികാഭിമുഖ്യമുള്ളവരായി വളർത്തുക.
5. പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങളുടെ ഒരു ഭാഗമായി ജൈവവൈവിധ്യ ഉദ്യാനം മാറ്റുക.
6. ഭൂമിയിലെ ജൈവ വൈവിധ്യ ത്തിന്റെ ഒരു മിനിയേച്ചർ സൃഷ്ടിച്ച് (കുളം, പുല്ല് ഞണ്ട്, തവള, മാനുകൾ, സസ്യങ്ങൾ, അജീവീയഘടകങ്ങൾ) പരിപാലിക്കുക.
7. സുസ്ഥിര വികസനം എന്ന ആശയത്തിന് മുൻതൂക്കം നൽകി നല്ലൊരു തലമുറയെ വാർത്തെടുക്കുക.

ഇതു കൂടാതെ താഴെ പറയുന്ന പരിപാടികൾ ഏറ്റെടുത്തു നടപ്പിലാക്കുന്നതിൽ മുൻഗണന നൽകും.

1. **ജൈവ വൈവിധ്യ സംരക്ഷണം**
2. ജല സംരക്ഷണം
3. ഊർജ്ജ സംരക്ഷണം
4. മാലിന്യ നിർമ്മാർജ്ജനം
5. പരിസ്ഥിതി/ജൈവ വൈവിധ്യ സംരക്ഷണം എന്നീ വിഷയങ്ങളിൽ സെമിനാറുകൾ, റാലികൾ സംഘടിപ്പിക്കുക.
6. സ്കൂൾ പരിപാടികളിൽ ഹരിത ചട്ടം (GREEN PROTOCOL) നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക.

# മാതൃഭാഷ - മലയാളം

## പ്രവർത്തനം - രചനാ ശില്പശാല

ഉപമേഖല - മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗ്ഗാത്മക രചന ഏർപ്പെടാത്ത വായനാ സാമഗ്രികൾ നിർമ്മിക്കാനും | കഥയരങ്ങ് / കവിയരങ്ങ് രചനാ ശിൽപ്പശാല സംഘടി പ്പിക്കുക. ഉൽപ്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീ കരിക്കൽ. ഈ ഉൽപ്പന്നങ്ങൾ പഠന സാമഗ്രിയായി ഉപയോഗിക്കൽ | 2 മാസത്തിലൊരിക്കൽ<br><br>പ്രതിമാസ പരിപാടി | വിദ്യാരംഗം കലാസാഹിത്യവേദി<br><br>വിദ്യാരംഗം SITC | 5000/- സ്പോൺസർഷിപ്പ് |

## പ്രവർത്തനം - ബ്ലോഗ് നിറയ്ക്കൽ

ഉപമേഖല - ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രചനകൾ നവ മാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ സർഗ്ഗസല്ലാപം ഭാഷാ വികസനം ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവു നേടുക. | കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കൽ പ്രാദേശികമായി ലഭ്യമാക്കുന്ന എഴുത്തുകാരെ സ്കൂളിലെത്തിച്ച് അവരുടെ അനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കൽ, പ്രസിദ്ധീകരിക്കൽ | വർഷത്തിൽ 2 തവണ | HM, PTA | 2000 സ്പോൺസർഷിപ്പ് |

## പ്രവർത്തനം - ബ്ലോഗ് നിറയ്ക്കൽ

ഉപമേഖല - ഭാഷാശേഷി വികസനം

വായനാ സാമഗ്രികൾ ഉറപ്പാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാ പഠനത്തിന്റെ ഭാഗമായി വായിക്കേണ്ട പുസ്തകങ്ങളുടെ ലിസ്റ്റ് ഉപയോഗപ്പെടുത്തി ശേഖരിക്കൽ | ഓഫീസിന് മുൻപിലായി കുട്ടികളുടെ രചനകൾ പ്രദർശിപ്പിക്കുന്നതിന്റെ സ്ഥിര സംവിധാനം ഒരുക്കുന്നു. രചനകൾ സംബന്ധിച്ച അഭിപ്രായങ്ങൾ കുട്ടികൾ എഴുതുന്നു. നല്ല അഭിപ്രായങ്ങളും പ്രദർശിപ്പിക്കുന്നു. | എല്ലാ ദിവസവും | SRG, PTA | 1000/- PTA |

## പ്രവർത്തനം - ഗ്രന്ഥശാലാ ശാക്തീകരണം

ഉപമേഖല - വായനാ ശേഷിയുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടൽ | ഗ്രന്ഥശാലയിലേയ്ക്ക് കൂടുതൽ പുസ്തകങ്ങൾ ഭവന സന്ദർശനത്തിലൂടെ കണ്ടെത്തൽ, ക്രമീകരിക്കൽ, രജിസ്റ്ററുകൾ തയ്യാറാക്കൽ | വർഷത്തിൽ ഒന്ന് | HM, PTA | 2000/- സ്പോൺസർഷിപ്പ് |

## നാടകക്കളരി

സർഗ്ഗാത്മക ശേഷികളുടെ വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലാക്കി മാറ്റൽ | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ ചെറുകഥകൾ എന്നിവയുടെ നാടാകാവിഷ്കാരം | പ്രതിമാസ പരിപാടി | വിദ്യാരംഗം കലാസാഹിത്യവേദി | - |
| സർഗ്ഗശേഷികളുടെ പരിപോഷണം | പ്രശസ്തരായ സാഹിത്യകാരന്മാരുമായി അഭിമുഖം, സാഹിത്യകാരന്മാർ പങ്കെടുക്കുന്ന സെമിനാറുകൾ സംഘടിപ്പിക്കൽ | വർഷത്തിൽ ഒന്നു വീതം | PTA, SMDC | 5000/- OSA |

## കുട്ടീസ് റേഡിയോ

ഭാഷയുടെ പ്രകടന പരത

| | | | | |
|---|---|---|---|---|
| അവതരണ മികവ് കൈവരിക്കൽ | വിദ്യാലയത്തിൽ ക്രമീകരിച്ചിരിക്കുന്ന റേഡിയോ സ്റ്റുഡിയോയിൽ നിന്ന് എല്ലാ ക്ലാസ്സ് മുറികളിലേയ്ക്കും ക്രമീകരിച്ചിരിക്കുന്ന സ്പീക്കറുകളിലേയ്ക്ക് ഒഴിവു സമയത്ത് കുട്ടികളുടെ വിവിധ പരിപാടികളുടെ അവതരണം, അറിയിപ്പുകൾ | എല്ലാ ദിവസവും ഒഴിവു സമയത്ത് | SRG ശാസ്ത്രാധ്യാപിക | 25000/- സ്പോൺസർഷിപ്പ് |

## നിഘണ്ടു നിർമ്മാണം

ഭാഷാ ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പദപരിചയം പദങ്ങളുടെ ശേഖരണവും അർത്ഥം കണ്ടെത്തലും | പാഠഭാഗങ്ങളിൽ വരുന്ന പുതിയ പദങ്ങൾക്ക് അർത്ഥം കണ്ടെത്തി അക്ഷരമാല ക്രമത്തിൽ നിഘണ്ടു നിർമ്മിക്കുന്നു. ഡിറ്റിപിയുടെ സഹായത്താൽ പുസ്തക രൂപ ത്തിലാക്കുന്നു. | വർഷത്തിൽ ഒന്ന് | SRG ഭാഷാധ്യാപകൻ | 2000/- സ്പോൺസർഷിപ്പ് |

## കലാകേന്ദ്രങ്ങൾ മ്യൂസിയം തുടങ്ങിയ സ്ഥലങ്ങളിലേയ്ക്കുള്ള യാത്ര

| | | | | |
|---|---|---|---|---|
| വിജ്ഞാന സർഗ്ഗശേഷികൾ വികസിപ്പിക്കുന്നതിന് | കലാകേന്ദ്രങ്ങളിലേയ്ക്കും മ്യൂസിയത്തിലേയ്ക്കും കലാ മണ്ഡലത്തിലേയ്ക്കും യാത്രകൾ സംഘടിപ്പിക്കുന്നു. അങ്ങനെ പുതിയ അറിവുകൾ നേടുന്നു. | വർഷത്തിൽ ഒന്ന് | SRG ഭാഷാധ്യാപകൻ | 15000/- സ്പോൺസർഷിപ്പ് |

# ഇംഗ്ലീഷ് - (English)

## പ്രവർത്തനം - 1

പ്രവർത്തനത്തിന്റെ പേര്: ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസനം | 1. പ്രീ ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് കുട്ടികളുടെ മികവുകളും പരിമിതികളും കണ്ടെത്തുന്നു. പരിമിതികൾ പരിഹരിക്കാനുതകുന്ന പ്രവർത്തനങ്ങൾ കണ്ടെത്തി നടപ്പിലാക്കുന്നു. | ജൂൺ മാസാരംഭം | SRG<br>ഇംഗ്ലീഷ് ടീച്ചർ | - |
| | 2. ആഴ്ചയിൽ രണ്ട് ദിവസം ഇംഗ്ലീഷ് അസംബ്ലി.<br>ക്ലാസ്സുകൾക്ക് ചുമതല വിഭജിച്ചു നൽകുന്നു. | ആഴ്ചയിൽ 2 ദിവസം | ക്ലാസ്സ് ടീച്ചർ | |

## പ്രവർത്തനം - 2

പേര്: ഇംഗ്ലീഷ് കോർണർ

ഉപമേഖല: ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം ഒരുക്കൽ | ക്ലാസ്സ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ. ജന്മദിനത്തിൽ ടീച്ചറും കുട്ടികളും ക്ലാസ്സ് ലൈബ്രറിയിലേയ്ക്ക് ഒരു പുസ്തകം സംഭാവന ചെയ്യുന്നു. ലൈബ്രറി വിപുലപ്പെടുത്തുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | - |

## പ്രവർത്തനം - 3

പേര്: പദപ്രശ്ന നിർമ്മാണം

ഉപമേഖല: ഇംഗ്ലീഷ് പഠനം

| | | | | |
|---|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാ പഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്താൻ നിശ്ചിത സമയം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ കണ്ടെത്തുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | - |

## പ്രവർത്തനം - 4

പേര്: പദാവലി വികസനം

ഉപമേഖല: ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| പദപരിചയം നേടൽ<br>പദാവലി വികസനം<br>സാധ്യമാക്കൽ | 1. പാഠഭാഗവുമായി ബന്ധപ്പെട്ട് പരിചയപ്പെട്ട പുതിയ പദങ്ങളും അർത്ഥങ്ങളും ഗ്രൂപ്പ് അടിസ്ഥാന ത്തിൽ കണ്ടെത്തി രേഖപ്പെടു ത്തുന്നു. എഡിറ്റിംഗ് നടത്തി വർഷാന്ത്യത്തിൽ നിഘണ്ടു തയ്യാറാക്കുന്നു. | വർഷത്തിൽ ഒന്ന് | ഇംഗ്ലീഷ് ടീച്ചർ | - |
| | 2. പദകേളികൾ - പദസൂര്യൻ, ഒരുപദം നൽകി അതിലെ അക്ഷരങ്ങളുപയോഗിച്ച് കൂടു തൽ പദങ്ങൾ കണ്ടെത്തൽ | പ്രതിവാരം | ഇംഗ്ലീഷ് ടീച്ചർ | - |

## പ്രവർത്തനം - 5

പേര്: ഇംഗ്ലീഷ് ഡയറി

ഉപമേഖല: ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി എഴുതാനുള്ള ശേഷി വികസിപ്പിക്കൽ | വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുന്നു. | ആഴ്ചയിൽ 3 ദിവസം | ക്ലാസ്സ് ടീച്ചർ/ ഇംഗ്ലീഷ് ടീച്ചർ | - |

## പ്രവർത്തനം - 6

പേര്: ഇംഗ്ലീഷ് തിയറ്റർ

ഉപമേഖല: ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗ്ഗാത്മക പ്രവർത്തന ങ്ങൾക്ക് ഉപയോഗിക്കൽ | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യത്യസ്തങ്ങളായ വ്യവഹാര രൂപങ്ങളിലേയ്ക്ക് മാറ്റിയെഴുതി അവതരിപ്പിക്കൽ (skit, Conversation, drama, etc) | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ടീച്ചർ SRG | - |

## പ്രവർത്തനം - 7

പേര്: മാഗസിൻ

ഉപമേഖല: ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാ ശേഷികളുടെ വികസനം | പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് രൂപപ്പെട്ട ഉൽപ്പന്നങ്ങൾ ചേർത്ത് മാഗസിൻ നിർമ്മിക്കുന്നു | വർഷത്തിൽ ഒന്ന് | ഇംഗ്ലീഷ് ക്ലബ്ബ് | - |

## പ്രവർത്തനം - 8

പേര്: കത്ത്

ഉപമേഖല: ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ | വേനലവധി, ഓണം, ക്രിസ്മസ് അവധിക്കാല വിശേഷങ്ങൾ ക്ലാസ്സിലെ മറ്റൊരു സുഹൃത്തുമായി കത്തിലൂടെ പങ്കുവയ്ക്കുന്നു.<br>2. ഒരു വിഷയത്തെയോ, ചിത്രത്തെയോ അടിസ്ഥാനമാക്കി വിവരണം തയ്യാറാക്കുന്നു. | വർഷത്തിൽ മൂന്ന് | ഇംഗ്ലീഷ് ടീച്ചർ | - |

## പ്രവർത്തനം - 9

പേര്: സാങ്കേതിക വിദ്യാധിഷ്ഠിത പഠനം

ഉപമേഖല: ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനം ലളിതവും ആസ്വാദ്യകരവുമാക്കി മാറ്റൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വീഡിയോ പ്രദർശനം (സിനിമ, കവിതകൾ {} i k ¥ cpsS {} k wK§ A etc) | പ്രതിമാസം | ഇംഗ്ലീഷ് ടീച്ചർ | - |

## പ്രവർത്തനം - 10

പേര്: ഇംഗ്ലീഷ് ഫെസ്റ്റ്

ഉപമേഖല: ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് അനായാസേന പറയാനും, എഴുതാനുമുള്ള ശേഷി വികസിപ്പിക്കൽ | ഇംഗ്ലീഷിൽ തന്നെ എല്ലാ പ്രവർത്തനങ്ങളും (skit, Speech, Recitation etc) അവതരിപ്പിക്കൽ | വർഷാന്ത്യം | എച്ച്.എം./ വിടിഎ പ്രസിഡന്റ് ഇംഗ്ലീഷ് ടീച്ചർ | 2,500 -പ്രതിവർഷം |

## പ്രവർത്തനം - 11

പേര്: ഭാഷാ വികസനം

ഉപമേഖല: ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ അനായാസേന സംസാരിക്കാനുള്ള ശേഷി വികസിപ്പിക്കൽ | Out line Story നൽകി കഥ പൂർത്തിയാക്കി പറയൽ Picture Card കാണിച്ച് അതിനെ സംബന്ധിക്കുന്ന വാക്യങ്ങൾ/കഥ പറയൽ, Role Play etc | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ടീച്ചർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ
# ഹിന്ദി

**അക്കാദമിക മാസ്റ്റർ പ്ലാൻ**

**മേഖല: ഭാഷാ പഠനം**

**ലക്ഷ്യങ്ങൾ:**

ഉപമേഖല : ഹിന്ദിഭാഷാ പഠനം

എല്ലാ കുട്ടികൾക്കും ഹിന്ദി ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.

ഹിന്ദി ഭാഷാ പഠനം ലളിതവും ആകർഷകവും ആക്കാനുള്ള നടപടികൾ ആസൂത്രണം ചെയ്യുക

ഹിന്ദി ഭാഷയോട് താത്പര്യം ഉണ്ടാക്കിയെടുക്കുകയും ദേശസ്നേഹം വളർത്തുകയും ചെയ്യുക

**പ്രവർത്തനങ്ങൾ**

1. ഹിന്ദി അസംബ്ലി
2. തിരക്കഥ രചന / സംഭാഷണ രചന
3. ആജ്കാ ശബ്ദ് (ഇന്നത്തെ വാക്ക്)
4. ഹിന്ദി ഡയറി
5. ഹിന്ദി ദിനാചരണം
6. ഹിന്ദി കക്ഷാ പാഠശാല (ക്ലാസ്സ് ലൈബ്രറി)
7. ഹിന്ദി പ്രശ്നോത്തരി
8. ഹിന്ദി പ്രദർശന ബോർഡ്
9. ഹിന്ദി ബാലസഭ
10. ഐ.ടി.സി. ഉപയോഗം കൂടുതൽ കാര്യക്ഷമമാക്കുക
11. എന്റെ ഹിന്ദി ബുക്ക്
12. ഹിന്ദി കൈയ്യെഴുത്ത് മാസിക
13. ഹിന്ദി പോസ്റ്റർ പ്രദർശിനി

## പ്രവർത്തനം - 1

പ്രവർത്തനത്തിന്റെ പേര്: ഹിന്ദി അസംബ്ലി

ഉപമേഖല: ഹിന്ദി ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഹിന്ദി ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ അസംബ്ലിയിലെ മുഴുവൻ പരിപാടികളും ഹിന്ദിയിൽ അവതരിപ്പിക്കുക. ഓരോ ക്ലാസ്സുകാർക്ക് മാറി -മാറി ചുമതല നൽകുക. | ആഴ്ചയിൽ 1 ദിവസം | ക്ലാസ്സ് ടീച്ചർ/ ഹിന്ദി അധ്യാപിക | - |

## പ്രവർത്തനം - 2

പ്രവർത്തനത്തിന്റെ പേര്: തിരക്കഥാ രചന / സംഭാഷണ രചന

ഉപമേഖല: ഹിന്ദി ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഹിന്ദി ഭാഷയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുക. | പാഠപുസ്തകങ്ങളിലെ പാഠഭാഗങ്ങളെ തിരക്കഥയോ ചെറിയ ക്ലാസ്സുകളിൽ സംഭാഷണമോ ആയി മാറ്റിയെഴുതി ക്ലാസ്സിൽ അവതരിപ്പിക്കുക | പ്രതിമാസം 1 | ഹിന്ദി അധ്യാപിക | - |

## പ്രവർത്തനം - 3

പേര്: ആജ് കാ ശബ്ദ് (ഇന്നത്തെ വാക്ക്)

ഉപമേഖല: ഹിന്ദി വാക്കുകൾ പഠിക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഹിന്ദി ഭാഷയിലെ വാക്കുകളും അർത്ഥവും പരിചയപ്പെടുകയും പഠിക്കുകയും ചെയ്യുക | ക്ലാസ്സ് റൂമുകളിൽ ഒരു പ്രത്യേക ബോർഡ് സ്ഥാപിക്കുകയും ഓരോ ദിവസവും ഇതിൽ പുതിയ - പുതിയ ഓരോ ഹിന്ദി വാക്കുകൾ അർത്ഥം സഹിതം എഴുതിയിടാൻ കുട്ടികളെ ചുമതലപ്പെടുത്തുകയും അടുത്ത ദിവസം ഈ വാക്ക് കുട്ടികൾ മനസ്സിലാക്കിയോ എന്ന് നോക്കുകയും ചെയ്യുക | എല്ലാ പ്രവൃത്തി ദിവസങ്ങളും | ഹിന്ദി അധ്യാപിക/ കുട്ടികൾ | 2,500/- പിടിഎ |

## പ്രവർത്തനം - 4

പേര്: ഹിന്ദി ഡയറി

ഉപമേഖല: ഹിന്ദി ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഹിന്ദിയിൽ കാര്യങ്ങളുടെ അഭിവൃദ്ധി സാധ്യമാവുക | ഓരോ ദിവസവും സ്കൂളിലും വീട്ടിലും നടക്കുന്ന കാര്യങ്ങൾ ഹിന്ദിയിൽ ഡയറിയിൽ എഴുതുക | ആഴ്ചയിൽ 5 ദിവസം | ഹിന്ദി അധ്യാപിക | - |

## പ്രവർത്തനം - 5

പേര്: ഹിന്ദി ദിനാചരണം

ഉപമേഖല: ഹിന്ദി ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഹിന്ദി ഭാഷയോടുള്ള താൽപ്പര്യം വളർത്തിയെടുക്കുക/ ഹിന്ദിയിൽ കാര്യങ്ങൾ അവതരിപ്പിക്കാൻ പ്രാപ്തരാക്കുക | ഹിന്ദിയിൽ കുട്ടികൾതന്നെ മീറ്റിംഗിലെ പരിപാടികൾ അവതരിപ്പിക്കുക. ഹിന്ദിയുടെ മാഹാത്മ്യത്തെക്കുറിച്ച് ഏതെങ്കിലും പ്രമുഖന്റെ ക്ലാസ്സ് സംഘടിപ്പിക്കുക | സെപ്റ്റംബർ 14 (2 മണിക്കൂർ) | ഹെഡ്മാസ്റ്റർ / ഹിന്ദി ക്ലബ്ബ് | 1,000/- ഹിന്ദി ക്ലബ്ബ് / പിടിഎ |

## പ്രവർത്തനം - 6

പേര്: ഹിന്ദി കക്ഷാ പാഠശാല (ക്ലാസ്സ് ലൈബ്രറി)

ഉപമേഖല: ഹിന്ദി വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഹിന്ദി വായനയിൽ താൽപ്പര്യം വളർത്തുക | ഹിന്ദി പുസ്തകങ്ങൾ ഓരോ ക്ലാസ്സിലെയും കുട്ടികളുടെ നിലവാരമനുസരിച്ച് തിരഞ്ഞെടുത്ത് ക്ലാസ്സിൽ വയ്ക്കുക. വായന ക്കുറിപ്പിലൂടെ വായന ഉറപ്പാക്കുന്നു. | എല്ലാ പ്രവൃത്തി ദിവസവും (മാസത്തിൽ 2 പുസ്തകം എങ്കിലും) | ഹിന്ദി അധ്യാപിക ക്ലാസ്സ് പ്രതിനിധി | പിടിഎ സംഭാവന |

## പ്രവർത്തനം - 7

പേര്: ഹിന്ദി പ്രശ്നോത്തരി

ഉപമേഖല: ഹിന്ദി ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഹിന്ദി ഭാഷ കേട്ട് മനസ്സിലാക്കുക വഴി ഭാഷാ നൈപുണ്യം നേടുക | ഹിന്ദി ഭാഷയുമായി ബന്ധപ്പെട്ടതും അല്ലാത്തതുമായ ചോദ്യങ്ങൾ ഉൾപ്പെടുത്തി ചോദ്യോത്തര പരിപാടി നടത്തുകയും വിജയികൾക്ക് ഹിന്ദി അസംബ്ലിയിൽ സമ്മാനം നൽകുകയും ചെയ്യുക | മാസത്തിൽ 2 ദിവസം | ഹിന്ദി ക്ലബ്ബ് / ഹിന്ദി അധ്യാപിക | ഹിന്ദി ക്ലബ്ബ് |

## പ്രവർത്തനം - 8

പേര്: ഹിന്ദി പ്രദർശന ബോർഡ്

ഉപമേഖല: ഹിന്ദി ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾക്ക് ഹിന്ദി പ്രവർത്തനങ്ങൾ ചെയ്യാൻ താത്പര്യമുണ്ടാക്കുക | സ്കൂളിനു മുൻപിൽ ഒരു ഹിന്ദി പ്രദർശന ബോർഡ് സ്ഥാപിക്കുകയും പഠനാധിഷ്ഠിത പ്രവർത്തനങ്ങളിലെ കുട്ടികളുടെ മികച്ച പ്രവർത്തനങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്യുക. | ആഴ്ചയിൽ 1 | ഹിന്ദി ക്ലബ്ബ് / | 5000/- സ്പോൺസർ |

## പ്രവർത്തനം - 9

പേര്: ഹിന്ദി ബാലസഭ

ഉപമേഖല: ഹിന്ദി ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഹിന്ദിയോടുള്ള താത്പര്യം വളർത്തുക, ഹിന്ദിയിൽ പരിപാടികൾ അവതരിപ്പിക്കാൻ തയ്യാറാക്കുക | 2 മാസം കൂടുമ്പോൾ 1 വെള്ളിയാഴ്ചയിലെ സർഗ്ഗവേളയിലെ എല്ലാ പരിപാടികളും ഹിന്ദിയിൽ അവതരിപ്പിക്കുക (ഓരോ ക്ലാസ്സ് മാറി മാറി) | 2 മാസത്തിലൊരിയ്ക്കൽ | ഹിന്ദി അധ്യാപിക | - |

## പ്രവർത്തനം - 10

പേര്: ഐസിടി ഉപയോഗം കാര്യക്ഷമമാക്കൽ

ഉപമേഖല: ഹിന്ദി ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഐസിടി സഹായത്തോടെ ഹിന്ദി പഠനം ആകർഷകവും രസകരവുമാക്കുക | പാഠഭാഗങ്ങൾ പഠിപ്പിക്കുമ്പോഴും മറ്റൊരവസരങ്ങളിലും ഹിന്ദി കവിത, വീഡിയോ, ദൃശ്യാവിഷ്കാരം, സിനിമകൾ തുടങ്ങിയവ പ്രദർശിപ്പിക്കുക | പ്രവർത്തി ദിനങ്ങളും, ആവശ്യമെങ്കിൽ ശനിയാഴ്ചകളും | എച്ച്.എം. / ഹിന്ദി അധ്യാപിക | - |

## പ്രവർത്തനം - 11

പ്രവർത്തനത്തിന്റെ പേര്: എന്റെ ഹിന്ദി ബുക്ക്

ഉപമേഖല: ഹിന്ദി ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഹിന്ദി ഭാഷയിൽ എഴുതാൻ താൽപ്പര്യം ഉണ്ടാക്കുക | കുട്ടികൾ ഒരു ബുക്കിൽ അവർക്കിഷ്ടമുള്ള കാര്യങ്ങൾ ഹിന്ദിയിൽ എഴുതി സൂക്ഷിയ്ക്കുക ടീച്ചർ ഇടയ്ക്ക് ഇത് പരിശോധിയ്ക്കുക | കുട്ടികൾക്ക് താൽപ്പര്യമുള്ളപ്പോൾ (പ്രവൃത്തി ദിവസങ്ങളിലോ അല്ലാത്തപ്പോഴോ) | കുട്ടികൾ/ ഹിന്ദി അധ്യാപിക | - |

## പ്രവർത്തനം - 12

പ്രവർത്തനത്തിന്റെ പേര്: ഹിന്ദി കൈയ്യെഴുത്ത് മാസിക

ഉപമേഖല: ഹിന്ദി ഭാഷാഭിവൃത്തി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഹിന്ദിയിൽ സർഗ്ഗാത്മക പ്രവർത്തനങ്ങൾ ചെയ്യാൻ താൽപ്പര്യമുണ്ടാക്കുക | കുട്ടികൾ പാഠഭാഗവുമായി ബന്ധപ്പെട്ട് ചെയ്യുന്ന മികച്ച പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി കൈയ്യെഴുത്ത് മാസിക നിർമ്മിച്ച് പ്രകാശനം ചെയ്യുക | സ്കൂൾ വർഷം (ജനുവരിയിൽ പ്രകാശനം) | എച്ച്.എം. / ഹിന്ദി അധ്യാപിക ഹിന്ദി ക്ലബ്ബ് | 5,00/- പിടിഎ/എ.സി.എ |

## പ്രവർത്തനം - 13

പ്രവർത്തനത്തിന്റെ പേര്: ഹിന്ദി പോസ്റ്റർ പ്രദർശിനി

ഉപമേഖല: ഹിന്ദി ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ഹിന്ദി ഭാഷയിൽ പ്രവർത്തനങ്ങൾ ചെയ്യാൻ താൽപ്പര്യമുണ്ടാക്കുക | പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കുട്ടികൾ നടത്തുന്ന പോസ്റ്റർ രചനകളിൽ മികച്ചവയുടെ പ്രദർശനം നടത്തുകയും യു.പി യിലെയും ഹൈസ്കൂളിലെയും മികച്ച പോസ്റ്ററുകൾക്ക് സമ്മാനവും നൽകുക. | സ്കൂൾ വർഷം | എച്ച്.എം. / ഹിന്ദി അധ്യാപിക ഹിന്ദി ക്ലബ്ബ് | 5,00/- സ്പോൺസർഷിപ്പ് |

# സാമൂഹ്യശാസ്ത്രം

## അക്കാദമിക് മാസ്റ്റർ പ്ലാൻ - സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം/രീതി | കാലം | ചിലവ് | ഉറവിടം | നിർവ്വഹണ ചുമതല |
|---|---|---|---|---|---|
| 1. ചരിത്ര പഠന യാത്ര ചരിത്രബോധം വളർത്തുക | പഠനയാത്ര - മറയൂർ - അഞ്ചുനാട് താഴ്വര, എഴുത്തള, മാനള, ചിന്നാർ പള്ളിവാസൽ, ബൈസൻവാലി വഴി എഴുകുംവയൽ എത്തുന്ന പഠനയാത്ര | 2018 - 19 | 10,000 | PTA/ RMSA/ വിദ്യാർത്ഥികൾ | PTA/ സോഷ്യൽ സയൻസ് ക്ലബ്ബ്/ SMDC |
| 2. സാമൂഹ്യശാസ്ത്ര അവബോധം വളർത്തൽ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്-ചരിത്ര ക്വിസ്സ് ചരിത്രദിനാചരണങ്ങൾ ശില്പശാല | 2018 - ജൂലൈ ആഗസ്റ്റ് | 8,000 | SSA/ RMSA | SS ക്ലബ്ബ് |
| 3. പ്രാദേശികാവബോധം വളർത്തൽ | പ്രാദേശിക ചരിത്ര രചന ക്യാമ്പ് പ്രാദേശിക പുരാതന സ്ഥലങ്ങളുടെ സന്ദർശനം, രചന, പ്രസിദ്ധീകരണം | 2018 -സെപ്റ്റംബർ | 5,000 | SSA/ RMSA/PTA | SS ക്ലബ്ബ് |
| 4. നിയമാവബോധം വളർത്തൽ | സെമിനാർ/ശില്പശാല താലൂക്ക് ലീഗൽ സർവ്വീസ് അതോറിറ്റി യുടെയും ബഹു. സബ്കോടതിയുടെയും സഹായത്തോടെ കുട്ടികൾക്ക് നിയമാവബോധ ക്യാമ്പ് നടത്തുക | 2018 -ഒക്ടോബർ | 5,000 | SSA/ RMSA/ ലീഗൽ സർവ്വീസ് അതോറിറ്റി | SS ക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനം/രീതി | കാലം | ചിലവ് | ഉറവിടം | നിർവ്വഹണ ചുമതല |
|---|---|---|---|---|---|
| 5. സാമൂഹ്യ ശാസ്ത്ര ബോധം വളർത്താൻ | സാമൂഹ്യശാസ്ത്ര സ്റ്റിൽ മോഡൽ, വർക്കിംഗ് മോഡൽ നിർമ്മാണം | 2018 - 19 | 15,000/- | PTA | SS ക്ലബ്ബ് |
| 6. ആഗോളതാപനം മഴക്കുറവ് ബോധ വത്ക്കരണം | സ്കൂൾ സ്ഥിതി ചെയ്യുന്ന ടൗണിൽ ആഗോളതാപനം, മഴവെള്ള സംഭരണം എന്നിവയെക്കുറിച്ച് ലഘുലേഖകൾ വിതരണം ചെയ്യുക | 2018 - 19 | 5,000 | സ്പോൺസർ | SS ക്ലബ്ബ് |
| 7. ജൈവവൈവിധ്യ ത്തെക്കുറിച്ച് ബോധ വത്ക്കരണം | ഹൈറേഞ്ചിലെ ജൈവവൈവിധ്യ ത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പ്രദേശവാസികൾക്ക് സെമിനാറിലൂടെ ബോധവത്ക്കരണം നടത്തുക. | 2018 -19 | 1,500 | സ്പോൺസർ | SS ക്ലബ്ബ് നേച്ചർ ക്ലബ്ബ് |
| 8. ആനുകാലിക വിവരങ്ങളെക്കുറിച്ചുള്ള ക്വിസ്സ് | ഒരു മാസത്തെ വാർത്താപത്രത്തിൽ വന്ന വിവിധ വാർത്തകളെ അടിസ്ഥാന പ്പെടുത്തി പ്രതിമാസം ഒരു വാർത്താ ക്വിസ് നടത്തുക. | എല്ലാ മാസവും അവസാന തീയതിയിൽ | 1,000 | സ്പോൺസർ | SS ക്ലബ്ബ് മാധ്യമ ക്ലബ്ബ് |

# ശാസ്ത്രം

**പേര് : ശാസ്ത്ര ലാബ് നവീകരിക്കൽ**

**മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര ലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ഫിസിക്സ് / കെമിസ്ട്രി/ ബയോളജി എന്നിങ്ങനെ ഇനം തിരിച്ച് ക്രമീകരിക്കൽ, കാറ്റലോഗ് തയ്യാറാക്കൽ ഇരിപ്പിടങ്ങൾ സജ്ജമാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | - |

**പേര് : ശാസ്ത്ര ബുള്ളറ്റിൻ ബോർഡ്**

**മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും ശാസ്ത്രവുമായി ബന്ധപ്പെട്ട വാർത്തകളും ചിത്രങ്ങളും പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ പ്രവർത്തി ദിവസങ്ങളിലും | സയൻസ് ക്ലബ്ബ് | 1,500-<br>സയൻസ് ക്ലബ്ബ്<br>PTA |

പേര് : ശാസ്ത്ര ലൈബ്രറി കോർണർ

മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര മേഖലയിൽ അറിവ് നേടൽ | അധിക വായനയ്ക്കുപകരിക്കുന്ന പുസ്തകങ്ങൾ, ചിത്രങ്ങൾ എന്നിവ ക്രമീകരിച്ച് ഓരോ ക്ലാസ്സിലും ശാസ്ത്ര വായന കോർണർ ഒരുക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | - |

പേര് : ശാസ്ത്ര യാത്രകൾ

മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പഠനം രസകരമാക്കൽ | ഇടുക്കി ജില്ലയിലെ വിവിധ നാഷണൽ പാർക്കുകൾ, പ്രാദേശിക ജൈവകൃഷി സ്ഥലങ്ങൾ (തോവാള, പത്ത് വളവ്, നാങ്കൊട്ടി, ഇരട്ടയാർ) എന്നിവ സന്ദർശിക്കൽ | പ്രതിവർഷം 3 യാത്രകൾ | സയൻസ് ക്ലബ്ബ് | 1,500/- PTA സ്പോൺസർഷിപ്പ് |

പേര് : ശാസ്ത്രോത്സവം

മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാഭിരുചി വളർത്തൽ | ഓരോ ക്ലാസ്സിലെയും പാഠ ഭാഗങ്ങളുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ, അവതരണം മാതൃക നിർമ്മാണം, കുട്ടികളുടെ കണ്ടെത്തലുകൾ, അവതരിപ്പിക്കൽ പ്രദർശനം എന്നിവ. | വർഷത്തിലൊന്ന് | സയൻസ് ക്ലബ്ബ് | സയൻസ് ക്ലബ്ബ്<br>SRG<br>1,000/ |

പേര് : ശാസ്ത്രജ്ഞരെ പരിചയപ്പെടൽ

മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രജ്ഞരെക്കുറിച്ചുള്ള അറിവ് നേടൽ | പാഠഭാഗവുമായി ബന്ധപ്പെട്ടതും അല്ലാത്തതുമായ ശാസ്ത്രജ്ഞരുടെ ജീവചരിത്രം അസംബ്ലിയിൽ അവതരിപ്പിക്കൽ | ആഴ്ചയിൽ ഒന്ന് | സയൻസ് ക്ലബ്ബ് | - |

പേര് : ശാസ്ത്ര ക്വിസ്സ്

മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാഭിരുചി വളർത്തൽ | UP, HS വിഭാഗം തരംതിരിച്ച് ശാസ്ത്ര ക്വിസ്സ് | ആഴ്ചയിൽ ഒന്ന് | സയൻസ് ക്ലബ്ബ് | 5,000/- സയൻസ് ക്ലബ്ബ് |

പേര് : മേളകൾ

മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്കൂൾ തല ശാസ്ത്ര മേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | - |

പേര് : ശാസ്ത്ര വീഡിയോ പ്രദർശനം

മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്രീയ വീഡിയോകളുടെ പ്രദർശനം | മാസത്തിൽ ഒന്ന് | സയൻസ് ക്ലബ്ബ് | - |

പേര് : ശാസ്ത്ര മാഗസിൻ

മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം വളർത്തൽ | മുഴുവൻ വിദ്യാർത്ഥികളുടെയും പങ്കാളിത്തത്തോടെ ശാസ്ത്ര മാഗസിൻ തയ്യാറാക്കൽ | വർഷത്തിൽ ഒന്ന് | സയൻസ് ക്ലബ്ബ് | 5,000/-<br>സയൻസ് ക്ലബ്ബ്<br>SSG |

പേര് : പ്രതിഭാപോഷണ പരിപാടി

മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രതിഭകൾക്ക് പ്രത്യേക പരിശീലന ക്ലാസ്സുകൾ നൽകൽ | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കൽ | ഒഴിവു സമയങ്ങളിൽ | SRG<br>SSG | 5,000/-<br>സ്പോൺസർഷിപ്പ് |

# ഗണിതശാസ്ത്രം

## ഗണിത ശാസ്ത്രം

പ്രവർത്തനം : 1

പേര് : ഗണിതമൂല

മേഖല : ഗണിതപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതപഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ്സ് മുറികളിൽ പസ്സിലുകൾ, സംഖ്യാ പാറ്റേണുകൾ,ജ്യോമെട്രിക്കൽ പാറ്റേണുകൾ എന്നിവ പ്രദർശിപ്പിക്കുന്നു. അവയുടെ ഉത്തരങ്ങൾ കണ്ടെത്തുന്നതിനും അവതരിപ്പിക്കുന്നതിനും കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസ പരിപാടി | ഗണിതക്ലബ്ബ് | - |

പ്രവർത്തനം : 2

പേര് : സെമിനാറുകൾ

മേഖല : സർഗ്ഗശേഷി വികസനം

| | | | | |
|---|---|---|---|---|
| സർഗ്ഗശേഷികളുടെ പരിപോഷണം | പ്രാദേശികമായി ലഭ്യമാകുന്ന മികച്ച ഗണിതാധ്യാപകരെ പങ്കെടുപ്പിച്ച് വിവിധ സെമിനാറുകൾ സംഘടിപ്പിക്കുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | SRG ഗണിതാധ്യാപകൻ | - |

പ്രവർത്തനം : 3

പേര് : ദിനാചരണങ്ങൾ

മേഖല : സമഗ്ര വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ മുൻകൂട്ടി ആസൂത്രണം ചെയ്യുകയും നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുകയും ചെയ്യുന്നു. | ആവശ്യാനുസരണം | SRG | - |

പ്രവർത്തനം : 4

പേര് : ഗണിതലാബ് സജ്ജീകരിക്കൽ

മേഖല : അക്കാദമികം

| | | | | |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വച്ച് ഗണിത ക്ലാസ്സ് നടത്തൽ ജ്യാമിതീയ രൂപങ്ങൾ ഭിത്തിയിൽ വരച്ച് മനോഹരമാക്കുന്നു. | ആവശ്യാനുസരണം | SRG ഗണിതക്ലബ്ബ് | - |

പ്രവർത്തനം : 5
പേര് : ഗണിത പാർക്ക്
മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതം മധുരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | - |

പ്രവർത്തനം : 6
പേര് : പ്രതിഭാപോഷണ പരിപാടി
മേഖല : അക്കാദമികം

| | | | | |
|---|---|---|---|---|
| പ്രതിഭകൾക്ക് വിദഗ്ദ്ധ പരിശീലവും ക്ലാസ്സുകളും നൽകൽ | ഗണിതത്തിൽ മികച്ച നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലനം ക്ലാസ്സുകൾ സംഘടിപ്പിക്കൽ സ്കൂൾ വാർഷികദിനത്തിൽ ഹൈസ്കൂൾ യു.പി. വിഭാഗത്തിൽ നിന്ന് മികച്ച 2 കുട്ടികൾക്ക് വീതം സമ്മാനങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുന്നു. | അവധി ദിവസങ്ങൾ | SRG | സ്പോൺസർഷിപ്പ് |

പ്രവർത്തനം : 7
പേര് : മേളകൾ
മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതത്തിലുള്ള കഴിവുകളെ പ്രോത്സാഹിപ്പിക്കുക | സ്കൂൾതല ഗണിതശാസ്ത്ര മേളയിൽ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിതക്ലബ്ബ് | - |

പ്രവർത്തനം : 8
പേര് : ക്വിസ് മത്സരങ്ങൾ
മേഖല : അക്കാദമികം

| | | | | |
|---|---|---|---|---|
| ഗണിതാഭിരുചി വളർത്തുക അറിവ് വർദ്ധിപ്പിക്കുക | മാസത്തിൽ ഒരിക്കൽ ഗണിതവുമായി ബന്ധപ്പെട്ട മത്സരങ്ങൾ സംഘടിപ്പിക്കുന്നു. വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുന്നു. | പ്രതിമാസം | ഗണിതക്ലബ്ബ് | 1,000/- ഗണിതക്ലബ്ബ് |

പ്രവർത്തനം : 9
പേര് : നിശാപാഠശാല
മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പിന്നോക്കകാരായ കുട്ടികൾക്ക് രാത്രികാലങ്ങളിൽ പ്രത്യേക പരിശീലനം | പൊതുവായ പരീക്ഷകൾക്ക് മുമ്പായി ഒരു മാസം നീണ്ടു നിൽക്കുന്ന രാത്രികാല പരിശീലനം പി.ടി.എ. പ്രതിനിധികളും അദ്ധ്യാപകരും പാഠശാലയ്ക്ക് നേതൃത്വം നൽകണം, ഭക്ഷണം നൽകണം | പ്രതിവർഷം/ ഒരുമാസം | പിടിഎ/ എസ്. ആർ.ജി. | - |

പ്രവർത്തനം : 10
പേര് : ഗണിത മാഗസിൻ
മേഖല : അക്കാദമികം

| | | | | |
|---|---|---|---|---|
| ഗണിതശാസ്ത്ര ആശയങ്ങൾ കുട്ടികളിൽ ഉറപ്പിക്കുന്നു. | ഗണിതാശയങ്ങൾ, ഗണിതപ്രശ്നങ്ങൾ പാറ്റേണുകൾ, ചിത്രങ്ങൾ, ഗണിതശാസ്ത്ര ജ്ഞരുടെ ജീവചരിത്രങ്ങൾ, ആനുകാലിക സംഭവങ്ങൾ, എന്നിവ ഉൾപ്പെടുത്തി യു.പി. തലത്തിലും ഹൈസ്കൂൾ തലത്തിലും മാഗസിൻ തയ്യാറാക്കി ഉപജില്ലാ മത്സരത്തിൽ സമർപ്പിക്കുന്നു. | പ്രതിവർഷം | ഗണിതക്ലബ്ബ് | 5,000 (O.S.A.) |

പ്രവർത്തനം : 11

പേര് : മെട്രിക് മേള

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതാവബോധം വളർത്തുക | ഗണിതക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പഴയകാല അളവ് തൂക്ക ഉപകരണം ശേഖരിക്കുന്നു. അവയുടെ പ്രദർശനം സംഘടിപ്പിക്കുന്നു. പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നു. പഠനോപകരണ ശില്പശാല സംഘടിപ്പിക്കുന്നു. | പ്രതിവർഷം | ഗണിതക്ലബ്ബ് | - |

# കലാ-കായിക പ്രവൃത്തി പരിചയ വിദ്യാഭ്യാസം

**പേര് : ബാഡ്മിന്റൺ പരിശീലനം**

മേഖല : അക്കാദമികം / കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | ആഴ്ചയിൽ 3 ദിവസം വൈകുന്നേരം ബാഡ്മിന്റൺ പരിശീലനം | ഒരു വർഷം | കായികാദ്ധ്യാപകൻ | - |

**പേര് : പേപ്പർ ക്യാരിബാഗ് നിർമ്മാണം**

മേഖല : പ്രവൃത്തിപരിചയ വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ബാഗ് നിർമ്മാണത്തിൽ വൈദഗ്ദ്ധ്യം നേടൽ | ആഴ്ചയിൽ 3 ദിവസം ക്ലാസ്സടിസ്ഥാനത്തിൽ പരിശീലനം | 3 മാസം | പിടിഎ പ്രവൃത്തി പരിചയ അദ്ധ്യാപകർ | സ്പോൺസർഷിപ്പ് |

**പേര് : ഡിറ്റർജന്റ്, ലോഷൻ നിർമ്മാണം**

മേഖല : പ്രവൃത്തി പരിചയ വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചിലവ് കുറഞ്ഞ രീതിയിൽ ആവശ്യ വസ്തുക്കൾ നിർമ്മിക്കൽ | ആഴ്ചയിൽ 2 ദിവസം ക്ലാസ്സടിസ്ഥാനത്തിൽ പരിശീലനം | 3 മാസം | പിടിഎ പ്രവൃത്തി പരിചയ അദ്ധ്യാപകർ | സ്പോൺസർഷിപ്പ് |

**പേര് : ജന്മദിനത്തിനൊരു പുസ്തകം**

മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ക്ലാസ്സ് ലൈബ്രറിയുടെ നവീകരണം | ക്ലാസ്സ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ്സ് ലൈബ്രറിയിലേയ്ക്ക് സംഭാവന ചെയ്യുന്നു | എല്ലാ ജന്മദിനങ്ങളിലും | ക്ലാസ്സ് ടീച്ചർ ലീഡർ | - |

**പേര് : ദിനാചരണങ്ങൾ**

മേഖല/ഉപമേഖല : സമഗ്രവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ യുള്ള ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർ ത്തനങ്ങൾ എസ്.ആർ. ജില്ലയിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസ ങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | - |

**പേര് : അഭിമുഖങ്ങൾ / സെമിനാറുകൾ**

മേഖല/ഉപമേഖല : സർഗ്ഗശേഷി വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗ ശേഷികളുടെ പരിപോഷണം | പ്രശസ്തരായ സാഹിത്യകാര ന്മാരുമായി അഭിമുഖം നടത്തൽ സാഹിത്യ സെമിനാറുകൾ | വർഷത്തിൽ ഒരു പ്രാവശ്യം | OSA | 10,000/- OSA |

പേര് : കായിക പരിശീലനം

മേഖല/ഉപമേഖല : അക്കാദമികം / കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കായിക പരിശീലനം കുട്ടികൾക്ക് ലഘുഭക്ഷണം നൽകൽ | ആഴ്ചയിൽ 3 ദിവസം | പിടിഎ കായികഅധ്യാപകൻ | 10, 000/- സ്പോൺസർഷിപ്പ് |

പേര് : പച്ചക്കറിത്തോട്ടം

മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയുടെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യ പ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ | വർഷത്തിൽ 1 പ്രാവശ്യം | SRG PTA | 5,000/- കൃഷി വകുപ്പ് |

പേര് : ജൈവവൈവിധ്യ പാർക്ക്

മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കൽ | ഒരു പ്രാവശ്യം | SRG PTA | 10,000/- SSA |

# ഉച്ചഭക്ഷണം

പേര് : പോഷകാഹാര പരിപാടി

മേഖല/ഉപമേഖല : അക്കാദമികം

| | | | | |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | 1. കുട്ടികൾക്ക് മെസ്സ് ഹാൾ ആവശ്യമായ പാത്രങ്ങൾ എന്നിവ ഉറപ്പാക്കൽ<br>2. പാചകപ്പുര, മെസ്സ് ഹാൾ എന്നിവയുടെ നവീകരണം<br>3. പൊതു ആഘോഷങ്ങളുടെ (ഓണം, ക്രിസ്മസ്, etc) ഭാഗമായി സ്കൂൾ തലത്തിൽ വിപുലമായ പങ്കാളിത്തത്തോടെ ഭക്ഷണ വിതരണം നടത്തൽ<br>4. സ്കൂൾ കാർഷിക പ്രവർത്തനങ്ങൾ പ്രാദേശിക കർഷകരെ ഉൾപ്പെടുത്തി നടത്തൽ | ദീർഘകാലം | ഉച്ചഭക്ഷണശാല ക്ലാസ്സ് ടീച്ചർ / എച്ച്.എം. പിടിഎ | 5,000/-<br>CSR Fund<br>സ്പോൺസർഷിപ്പ് |
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു വച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ / എച്ച്.എം. പിടിഎ | - |

## ഉപസംഹാരം

എഴുകുംവയൽ എന്ന മലയോര ഗ്രാമത്തിന്റെ മുഖശ്രീയാണ് നമ്മുടെ വിദ്യാലയം. ജനാധിപത്യ ബോധവും, അനുകമ്പയും സ്നേഹ ബഹുമാനങ്ങളും, ഈ ഭൂമി വരും തലമുറകൾക്കു കൂടി ഉള്ളതാണ് എന്ന പാരിസ്ഥിതിക കാഴ്ചപ്പാടും, പഠനത്തിൽ മാത്രമല്ല ജീവിതത്തിലും A+ നേടാനുള്ള കഴിവും മൂല്യ ബോധവുമുള്ള കുട്ടികളെ വാർത്തെടുക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. ഈ ലക്ഷത്തിലേക്കെത്താനുള്ള പരിപാടികളുടെ ഒരു സംക്ഷിപ്ത രൂപരേഖയാണ് ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നമ്മുടെ സ്വപ്നം സാക്ഷാത്കരിക്കണമെങ്കിൽ നാട്ടുകാരുടെയും സംഘടനകളുടെയും സഹായവും സഹകരണവും ആവശ്യമാണ്. തുടർന്നും നിങ്ങൾ ഞങ്ങളോടൊപ്പം ഉണ്ടാകുമെന്ന് വിശ്വസിക്കുന്നു. നമുക്കൊന്നിച്ചു നീങ്ങാം മുന്നേറാം. മാറ്റത്തിന്റെ പാതയിൽ വഴികാട്ടിയായി എഴുകും വയൽ ഗവ.ഹൈസ്കൂൾ എന്നും നിലനിൽക്കട്ടെ എന്ന് നമുക്കു പ്രാർത്ഥിക്കാം.

# അനുബന്ധം

## നിർദ്ദിഷ്ട സ്കൂൾ രൂപരേഖ



SSA /RMSA പദ്ധതി മുഖേന നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങൾ

- ലാബ് -ലൈബ്രറി നവീകരണം.
- പഠനോപകരണങ്ങൾ ഒരുക്കൽ
- ക്ലസ് മുറികളിൽ ഷെൽഫുകൾ നിർമ്മിച്ചു
- ക്ലാസ് റൂം ലൈബ്രറി
- ക്ലാസ് മുറികളുടെ വൈദ്യുതീകരണം
- ജൈവ വൈവിധ്യ ഉദ്യാനം
- തായ്ക്വോണ്ടോ
- ശ്രദ്ധ ,നവപ്രഭ
- നോട്ടീസ് ബോർഡ്
- പാചകപ്പുരയിൽ എൽപിജി കണക്ഷൻ
- സ്കൂൾ മെയിന്റനൻസ്

## PTA കമ്മിറ്റി

1. ശ്രീ സിജു മാത്യു  (പ്രസിഡന്റ്)
2. രാജി സി ജോസഫ് (വൈസ് പ്രസിഡന്റ് )
3. ശ്രീമതി ജോളി റെജി
4. ശ്രീമതി അമ്പിളി റോയ്
5. ശ്രീ റെജി ചെരിവ്കാലായിൽ
6. ശ്രീ സജി ആനക്കല്ലിൽ
7. ശ്രീ ബിജു എം സി
8. ശ്രീ മാത്യൂസ്
9. ശ്രീമതി ഡൽഫി ആന്റോ
10. ശ്രീമതി നീന ഷൈജു

**MPTA കമ്മിറ്റി**

1. ശ്രീമതി ജോളി റെജി ( പ്രസിഡന്റ് )

2. ശ്രീമതി അമ്പിളി റോയ്( വൈസ് പ്രസിഡന്റ് )

3. ശ്രീമതി മഞ്ജുഷ

4. ശ്രീമതി മായ ജോസഫ്

5. ശ്രീമതി ബിന്ധ്യ രാജേഷ

**SMC കമ്മിറ്റി**

1. ശ്രീ റെജി ചെരിവ്കാലായിൽ (ചെയർമാൻ)
2. ശ്രീമതി ജോളി റെജി
3. ശ്രീമതി അമ്പിളി റോയ്
4. ശ്രീമതി മായ ജോസഫ്
5. ശ്രീമതി മഞ്ജുഷ
6. ശ്രീമതി ബിന്ദ്യ